**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 602** **23-02-2022 - ൽ മറുപടിയ്ക്ക്**

**പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നിലവിലെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിനു കീഴിൽ കേരള ഖാദി ബോർഡിന്റെ നിയന്ത്രണത്തിൽ പെരുങ്കടവിള പഞ്ചായത്തിൽ മാരായമുട്ടത്ത് പ്രവർത്തിച്ചിരുന്നതും നിലവിൽ പ്രവർത്തനരഹിതവുമായ പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ സി.ഐ.എൻ.ഡി(ടി)1 എന്ന സഹകരണ സംഘത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ; | (എ) | പെരുങ്കടവിള NES ബ്ലോക്ക് ഓയിൽ ക്രഷിംഗ് സഹകരണ സംഘം നിലവിൽ പ്രവർത്തനരഹിതമാണ്. |
| (ബി) | ആകെ എത്ര സെന്റ് സ്ഥലമാണ് പ്രസ്തുത സംഘത്തിന് ഉള്ളത് ; നിലവിൽ ഇതിന്റെ ഉടമസ്ഥത ആർക്കാണ്; പ്രസ്തുത സ്ഥലത്തിന്റെ പേരിൽ ബാധ്യതകളുണ്ടോ; എങ്കിൽ എന്ത് തുകയാണ് ബാധ്യത; ബാധ്യതകളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | സംഘത്തിന് 9.00 ആർ സ്ഥലം ഉണ്ട്. പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പേരിലാണ് വസ്തു. ഭരണസമിതിക്കാണ് ടി വസ്തുവിന്റെ ഉടമസ്ഥാവകാശം. എന്നാൽ നിലവിൽ തെരഞ്ഞെടുത്ത ഭരണസമിതി ഇല്ല. സംഘത്തിന് ബാധ്യതയുണ്ട് .(07.10.2021 വരെ) ബാധ്യത തുക- 10,46,975/- Principal - 1,63,384/- Interest - 3,42,459/- Penal Interest – 4,96,364/- Stationery – 1,000/- Collection charge- 50,160/- ------------------------------------------- Total - 10,53,367/- = = = = = = = = സംഘത്തിന് 9.00 ആർ സ്ഥലം ഉണ്ട്. പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പേരിലാണ് വസ്തു. ഭരണസമിതിക്കാണ് ടി വസ്തുവിന്റെ ഉടമസ്ഥാവകാശം. എന്നാൽ നിലവിൽ തെരഞ്ഞെടുത്ത ഭരണസമിതി ഇല്ല. സംഘത്തിന് ബാധ്യതയുണ്ട് .(07.10.2021 വരെ) ബാധ്യത തുക- 10,46,975/- Principal - 1,63,384/- Interest - 3,42,459/- Penal Interest – 4,96,364/- Stationery – 1,000/- Collection charge- 50,160/- ------------------------------------------- Total - 10,53,367/- = = = = = = = = |
| (സി) | നിലവിൽ പ്രവർത്തനരഹിതമായ ഈ സംഘത്തിന്റെ പേരിലുള്ള ബാധ്യതകൾ | (സി) | ഖാദി ബോർഡിന് വായ്പ കുടിശ്ശികയിനത്തിൽ സംഘത്തിൽ നിന്നും ലഭിക്കേണ്ട മുഴുവൻ തുകയും |

| | | | |
|---|---|---|---|
| | പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഒടുക്കിയാൽ സംഘത്തിന്റെ പേരിൽ റീസർവ്വെ 645/2-ൽ ഉൾപ്പെട്ടുത്തിയിട്ടുള്ള സ്ഥലം മാരായമുട്ടം പോലീസ് സ്റ്റേഷന് നിർമ്മാണത്തിനായി കൈമാറുന്നതിന് നടപടി സ്വീകരിക്കാമോ; ഇതിന് എന്തെങ്കിലും നിയമതടസ്സങ്ങൾ ഉണ്ടോ എന്ന് വിശദമാക്കുമോ; | | പഞ്ചായത്ത് ഒടുക്കുന്ന മുറയ്ക്കും സംഘത്തിന്റെ വസ്തു പഞ്ചായത്തിന് കൈമാറുന്നതിനുള്ള അനുവാദം സർക്കാർ നൽകുന്ന മുറയ്ക്കും മാരായമുട്ടം പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ടി സ്ഥലം പെരുങ്കടവിള ഗ്രാമ പഞ്ചായത്തിന് നൽകുന്നതിനുള്ള നടപടികൾ ഖാദി ബോർഡ് സ്വീകരിക്കുന്നതാണ്. പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുമ്പോൾ ഒരു ഖാദി കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള സൗകര്യം ചെയ്യുതരാമെന്ന് പഞ്ചായത്ത് രേഖാമൂലം അറിയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സ്ഥലം മേൽ ആവശ്യത്തിനായി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ഡി) | പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വക സ്ഥലം ഈട് നൽകികൊണ്ട് ഖാദി ബോർഡിൽ നിന്നും വായ്പയെടുക്കുകയും കുടിശ്ശികയാക്കുകയും ചെയ്തതിനാലും സംഘത്തിന്റെ ഭരണസമിതി നിലവിലില്ലാത്തിനാലും ടി സ്ഥലം കൈമാറ്റം ചെയ്യുന്നതിന് സാധിക്കാതെ വന്നിട്ടുള്ളതാണ്. അതിനാൽ രജിസ്ട്രാറുടെ ഉത്തരവിൻ പ്രകാരം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയും പൊതുയോഗം വിളിക്കുകയും ചെയ്തിരുന്നു. എന്നാൽ പൊതുയോഗത്തിൽ ഒരംഗവും പങ്കെടുക്കാത്തതിനാൽ സംഘം വക വസ്തുവകകൾ അഡ്മിനിസ്ട്രേറ്റർ ഏറ്റെടുത്ത് രജിസ്ട്രാറുടെ അംഗീകാരത്തോടെ സർക്കാരിന്റെ അനുവാദം വാങ്ങി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പഞ്ചായത്ത് വായ്പാ കുടിശ്ശിക പൂർണ്ണമായും ഖാദി ബോർഡിൽ ഒടുക്കുന്ന മുറയ്ക്കും വസ്തു കൈമാറ്റം നടത്തുന്നത് സംബന്ധിച്ച് സർക്കാർ അനുവാദം നൽകുന്ന മുറയ്ക്കും പഞ്ചായത്തിന് കൈമാറ്റം ചെയ്യാവുന്നതാണ്. |
| (ഇ) | പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ട് പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ കമ്മിറ്റി തീരുമാനം ഉള്ളടക്കം ചെയ്ത് നൽകിയിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്തൊക്കെയാണ്; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ഇ) | പെരുങ്കടവിള ഓയിൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി വക സ്ഥലം മാരായമുട്ടം പോലീസ് സ്റ്റേഷനു നൽകാൻ 21.04.2016 ലെ ഖാദി ബോർഡ് യോഗം തീരുമാനിച്ചു. ബോർഡിനു കിട്ടാനുള്ള കുടിശ്ശിക അടച്ച് തുടർ നടപടി സ്വീകരിക്കാൻ പെരുങ്കടവിള ഗ്രാമ പഞ്ചായത്തിന് നിർദ്ദേശം നൽകിയിരുന്നു. ടി നിർദ്ദേശം പാലിച്ച് പെരുങ്കടവിള ഗ്രാമ പഞ്ചാത്തിന്റെ 09.06.2017 ലെ യോഗത്തിൽ 14(6) നമ്പർ തീരുമാനമായി. ഈ വസ്തു ഏറ്റെടുക്കാനും ഖാദി ബോർഡ് ആവശ്യപ്പെട്ടതിൻ പ്രകാരം പഞ്ചായത്ത് ചെലവിൽ ടി സ്ഥലത്ത് ഒരു ഖാദി ഉൽപ്പാദന കേന്ദ്രം കൂടി നിർമ്മിച്ചു നൽകാനും തീരുമാനിച്ചതായി ഖാദി ബോർഡിനെ പഞ്ചായത്ത് അറിയിച്ചിരുന്നുവെങ്കിലും കുടിശ്ശിക അടയ്ക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കുടിശ്ശിക തുക അടയ്ക്കുന്നതിനുള്ള അടിയന്തിര നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 15.01.2022 ൽ ടി.പി. 564/ 2015/സഹകരണം നമ്പർ പ്രകാരം പഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ട്. ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാരിൽ നിന്നുള്ള അനുമതി ഖാദി ബോർഡിന് ആവശ്യമായതിനാൽ 01.10.2021, 06.12.2021 എന്നീ തീയതികളിലെ കെ.ബി.5825/15/സഹ നമ്പർ കത്ത് പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിയ്ക്കുകയും, ആയത് സർക്കാർ പരിശോധിച്ച് വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ